ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സൗജന്യ ഇൻഷ്വറൻസ് ഇല്ലാത്ത നിലയിൽ ഈ പദ്ധതി നടപ്പിലാക്കണമോ അഥവാ നാമമാത്രമായ ഗഡുക്കളും സർക്കാർ സഹായവും കൂടി ചേർത്ത് നടപ്പിലാക്കണമോ എന്ന കാര്യം പരിശോധിച്ചു വരുന്നു.

ബീഡി-സിഗാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

69 (233) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ .പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു സ്ഥലങ്ങളിൽ പുകവലി നിരോധനം ഏർപ്പെടുത്തിയതിനാൽ ബീഡി-സിഗാർ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ കണക്ക് വ്യക്തമാക്കാമോ ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ കണക്ക് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ബീഡി-സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ ബീഡി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുവാൻ ഉള്ള സാദ്ധ്യതയുണ്ടെന്നും തൻമൂലം ഈ ബോർഡിന്റെ നിലനിൽപ്പ് അപകടത്തിലാവുമെന്നും അറിയിച്ചിട്ടുണ്ട്. അനന്തര നടപടികൾക്കായി ഇക്കാര്യം പരിശോധിച്ചു വരികയാണ്.

ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം

70 (234) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം വിശദീകരിക്കാമോ ;

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ പ്രസ്തുത ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇനി ഏതൊക്കെ ജില്ലകളിൽ ആഫീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് ബീഡി-ചുരുട്ട് തൊഴിലാളികൾക്കും ബീഡി-ചുരുട്ട് വ്യവസായമേഖലയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നല്കുന്നതിനു വേണ്ടി രൂപീകരിച്ച ഒരു ക്ഷേമ നിധി ബോർഡാണിത്. സംസ്ഥാനത്തിലെ 3 ലക്ഷത്തോളം വരുന്ന തൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ. തൊഴിലുടമകളിൽ നിന്നും ലഭിക്കുന്ന വിഹിതവും സർക്കാർ അനുവദിക്കുന്ന ഗ്രാന്റും കൂടിയാണ് ഈ ക്ഷേമ നിധി. 18-നും 58 വയസ്സിനും ഇടയ്ക്കുള്ള തൊഴിലാളികളെ അംഗങ്ങളാക്കി ചേർക്കാനാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ബോർഡിന്റെ അംഗീകാര പ്രകാരം 58 വയസ്സു വരെയുള്ള തൊഴിലാളികളെ ചേർക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കണ്ണൂർ ചീഫ് ആഫീസിന് പുറമേ കണ്ണൂർ റീജിയണൽ ആഫീസും, കാസർഗോഡ് റീജിയണൽ ആഫീസും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ റീജിയണൽ ആഫീസുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, ഫർണീച്ചർ, പ്രിന്റിംഗ്, സ്റ്റേഷനറി,റ്റി.എ., ഡി.എ., പെൻഷൻ വിഹിതം സിറ്റിംഗ് ഫീസ്, ടെലിഫോൺ, ഉത്ഘാടന ചെലവ് എന്നിവയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.

ചെറുകിട കച്ചവടക്കാർക്ക് ക്ഷേമ പദ്ധതി

71 (235) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ചെറുകിട കച്ചവടക്കാർക്കായി ഒരു ക്ഷേമ പദ്ധതി നിലവിലുണ്ടോ ;

(ബി) ഇത് എന്നാണ് നിലവിൽ വന്നത് ;

(സി) ഈ പദ്ധതിയിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ഡി) ഇപ്പോൾ ഈ ക്ഷേമ പദ്ധതിയിൽ എത്ര അംഗങ്ങളുണ്ട് ;

(ഇ) ഇതിൽ അംഗങ്ങളുടെയും തൊഴിലുടമകളുടെയും വിഹിതം എത്രയാണ്;

(എഫ്) ക്ഷേമനിധിയുടെ ഘടനയും സ്വഭാവവും വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly